മഹാത്മാഗാന്ധി സർവ്വകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ
അതിരമ്പുഴ
കോട്ടയം-686560

എ.ഡി.ബി4/1/m - 3219/സീടെക്സ് സെർവർ/2016 തീയതി: 16-01-2017

## റീ-ടെണ്ടർ നോട്ടീസ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പരീക്ഷാവിഭാഗത്തിന് താഴെ പറയും വിധം സ്പെസിഫിക്കേഷനുള്ള ഒരു സെർവർ വാങ്ങുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**Server Specification**

| Sl.No. | Parameter | Specifications | Place of installation |
|---|---|---|---|
| 1 | Processor | Intel Xeon E5 4600 Series processors with 16 cores or above | Data Center at Administrative block |
| 2 | Number of processors | 2 | |
| 3 | Cache | 40 MB per processor or above | |
| 4 | Form factor | Rack | |
| 5 | Power Supply | Redundant | |
| 6 | Memory | 64 GB x 2 DDR4 – 2133 PC4 ECC LRDIMM memory | |
| 7 | Hard Disk Drives | 4* 400GB SSD SAS Drive, Interface Dual 12 Gb/s SAS, form factor 2.5 | |
| 8 | RAID Controller | Integrated 6 Gbps SAS hardware RAID 0, 1, 5, 6 & 10 that support wit SSD HDD Cache memory 512 MB | |
| 9 | Media bays | DVD drive | |
| 10 | Network interface | Integrated two Ethernet ports, plus dual 10 Gb fiber port | |
| 11 | Operating System Supported | Microsoft Windows Server, Red Hat Enterprise Linux, VM ware | |
| 12 | Warranty | 3 Year onsite | |

- Sever should be tier 3 data center compliment

- The Mean Time to Repair for the Equipment should not exceed 12 hours. Successful Bidder shall repair/replace the defective part without charging any cost during the warranty period of three years

.........2

ടെണ്ടർ അടങ്ങുന്ന കവറിനു പുറത്ത് റി ടെണ്ടർ നം എ.ഡി.ബി4/1/m - 3219/സീടെക്സ് സെർവർ/2016, തീയതി 16-01-2017 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതും രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി.ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി, സമയം 01-02-2017 2. p.m
ടെണ്ടർ തുറക്കുന്ന തീയതി, സമയം: 01-02-2017 2.30 p.m
ടെണ്ടർ ഫോറം വില - 0.2% of probable Amount of contract
കുറഞ്ഞ തുക - 400 രൂപ, കൂടിയ തുക - 1500/- + VAT
നിരതദ്രവ്യം- 1% of PAC, (ക്വോട്ട് ചെയ്യുന്ന വിലയുടെ ഒരു ശതമാനം)

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഭരണവിഭാഗം എഡി.ബി4 സെക്ഷനിൽ നിന്നും, www.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

പ്രത്യേക നിബന്ധനകൾ

1. വിതരണം ചെയ്യുന്ന സാമഗ്രികളുടെ വ്യാപാരനാമം ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
2. ടെണ്ടർ ഫോറം, പ്രവൃത്തി ദിവസങ്ങളിൽ, സർവ്വകലാശാലയുടെ ജനറൽ സ്റ്റോർ സെക്ഷനിൽ നിന്നും വാങ്ങേണ്ടതാണ്.
3. ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യുന്ന നിരതദ്രവ്യം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ നിന്നെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കാവുന്നതാണ്.
4. എല്ലാവിധ നികുതിയും, പാക്കിംഗ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, ഇൻസ്റ്റാലേഷൻ ചാർജ് മുതലായവ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.
5. വാറന്റി സംബന്ധമായ വിവരങ്ങൾ, AMC നിബന്ധനകൾ, തൊട്ടടുത്ത സർവ്വീസ് സെന്ററിന്റെ വിവരങ്ങൾ, കാറ്റലോകുകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.
6. ടെണ്ടറിൽ സൂചിപ്പിച്ച സാമഗ്രികൾ എത്തിയശേഷം യൂണിവേഴ്സിറ്റി എൻജിനീയർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതാണ്.
7. ടെണ്ടർ ഉറപ്പിച്ച് കഴിഞ്ഞാൽ കരാറിനൊപ്പം ഹാജരാക്കുന്ന കരുതൽ നിക്ഷേപം, മഹാത്മാഗാന്ധി സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ പ്ലഡ്ജ് ചെയ്തോ, നാഷണലൈസ്ഡ് ബാങ്കിൽ നിന്നെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയോ സമർപ്പിക്കാവുന്നതാണ്.

8. അംഗീകരിക്കപ്പെടുന്ന ടെണ്ടറുകൾ സപ്ലൈ ഓർഡർ തീയതി മുതൽ 3 ആഴ്ചക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കേണ്ടതാണ്.

9. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന സമർപ്പണ സമയം കഴിഞ്ഞ് ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതാണ്. ടെണ്ടർ മാറ്റി വയ്ക്കുവാനോ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും

ഒപ്പ്
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്കുവേണ്ടി

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു

സെക്ഷൻ ഓഫീസർ

പകർപ്പുകൾ

1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി.ആർ.ഒ. (മൂന്ന് പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനു വേണ്ടി)
4. ഗവൺമെന്റ് ഓഡിറ്റ്
5. സർവ്വകലാശാല സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
6. ഫയൽ കോപ്പി